# ഒരു സമ്മേളനം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

**– സഖേർ –**

അറിഞ്ഞും അറിയാതെയും നമ്മുടെയിടയിൽ പ്രചരിക്കുന്ന ഒരു നവീനപാഠമുണ്ട്. എങ്ങനെയെന്നല്ലേ? ഇപ്രകാരമാണ് അത് നമ്മെ ധരിപ്പിക്കുക. ലോകം ഒരു ക്ലാസ്സ് മുറിയാണ്. നാമെല്ലാം അതിനുള്ളിലെ കുട്ടികളാണ്. നമ്മെ പഠിപ്പിക്കുന്ന ടീച്ചറുടെ ഭാഷമാത്രമാണ് ആ ലോകത്തിലെ ഭാഷയെന്നും അധിനിവേശത്തിന്റെ ആ ഭാഷയല്ലാതെ നമുക്കൊന്നും ശബ്ദങ്ങളില്ലെന്നും പറഞ്ഞുതരുന്നുണ്ട്. നാമിരിക്കുന്ന ചുവരുകൾക്ക് വെളിയിൽ ലോകമുണ്ടെന്നും അവിടെ സ്വാതന്ത്ര്യത്തിന്റെ ഭാഷ സംസാരിക്കപ്പെടുന്നുണ്ടെന്നുമുള്ള സംശയങ്ങളില്ലാതിരിക്കുമ്പോഴും ചോദ്യം ചെയ്യാതിരിക്കുമ്പോഴും നാം 'നല്ലകുട്ടി'കളായി അറിയപ്പെടുന്നുവെന്നാണ് ആരൊക്കെയോ നമ്മെ ഭ്രമിപ്പിക്കുന്നത്. അതുകൊണ്ട് തന്നെയാണ് നാം ഇപ്പോൾ ഇരിക്കുന്നയിടം (അപ്പോസ്തോലിക പിന്തുടർച്ചയോ, ശ്ലൈഹികസിംഹാസനമോ ആകട്ടെ) എങ്ങനെയാണ് നിർമ്മിക്കപ്പെട്ടതെന്ന് ചോദിക്കുമ്പോൾ, അല്ലെങ്കിൽ നമ്മുടെ ചരിത്രത്തെക്കുറിച്ച് പഠിക്കണമെന്നും പഠിപ്പിക്കണമെന്നും നാം ആവശ്യപ്പെടുമ്പോൾ നമ്മുടെ 'സഹപാഠി'കൾക്കും അധികാരികൾക്കും മുമ്പിൽ നാം 'ചീത്തക്കുട്ടി'കളാവുന്നു.

അധിനിവേശവിരുദ്ധ സമര പരമ്പരയുടെ മഹാചരിത്രം ഓർമ്മിക്കാത്ത 'നല്ലകുട്ടി'കളാവാൻ മലങ്കരയുടെ മണ്ണിൽ പിറന്ന നട്ടെല്ലുള്ള നസ്രാണികൾക്ക് താല്പര്യമുണ്ടാകുന്ന കാലം ആരും സ്വപ്നം കാണേണ്ടതില്ല. അധിനിവേശത്തിലേക്ക് പുനരൈക്യപ്പെടാനും 'വേഷം കെട്ടലു'കൾക്ക് പാദസേവ ചെയ്യാനും മാത്രം അതിരുകടന്ന 'വിദേശിപ്രിയം' (വെള്ളനിറഭ്രമം) മലങ്കരയുടെ അന്തസ്സുള്ള സന്താനങ്ങൾക്കില്ല. ഞങ്ങൾക്ക് മാത്രമല്ല ലോകം മുഴുവനും അങ്ങനെ വിശ്വസിക്കുന്നുണ്ട്. നടപ്പാക്കുന്നുണ്ട്. CHANGE WE CAN എന്ന ആഹ്വാനത്തോട് YES WE CAN എന്ന് ലോകം പ്രതികരിച്ചത് ഏറ്റവുമടുത്ത നിമിഷത്തിലല്ലേ! ഈ ആത്മബോധത്തിന്റെ ഉണർവ്വ് നമ്മുടെ സിരകളെ ത്രസിപ്പിക്കണം. സ്വാതന്ത്ര്യം ഒരു സ്വപ്നമല്ല; തികഞ്ഞ യാഥാർത്ഥ്യമാണ്.

ഇങ്ങനെയും ചില വരികളുണ്ട്. "ഇത് മതമല്ലേ, രാഷ്ട്രീയമല്ലല്ലോ" എന്ന് ചിലരെങ്കിലും ചോദിച്ചേക്കാം. വിനയപുരസ്സരം സൂചിപ്പിക്കുവാനുള്ളത് അത്തരമൊരു വിഭജനം ഞങ്ങൾക്കറിയില്ലെന്നാണ്. മൂല്യങ്ങളെക്കുറിച്ചും ആത്മീയതയെക്കുറിച്ചും സംസാരിക്കുന്നത് മതമാണെങ്കിൽ ഞങ്ങൾ പറയുന്നത് മതത്തെക്കുറിച്ചാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുന്നത് രാഷ്ട്രീയമാണെങ്കിൽ ഇത് രാഷ്ട്രീയവുമാണ്." നമ്മൾ സമ്മേളിക്കുന്നതും സംസാരിക്കുന്നതും തെറ്റുകൾ തിരുത്തപ്പെടുന്നതിനും ശരികൾ മറച്ച് വയ്ക്കപ്പെടാതിരിക്കുന്നതിനുമാണ്.

ഒരു സമരം എന്തിനെയാണ് സൂചിപ്പിക്കുന്നത്? അതിജീവനത്തിന്റെ പ്രാഥമികലക്ഷണമാണ് സമരം. ഒരുപക്ഷേ, സമരത്തിന്റെ സാമൂഹികമാനത്തെക്കുറിച്ചുള്ള സൈദ്ധാന്തികമായ നിലപാടുതറകളെ നമ്മുടെ ചിന്തകളിൽ നിന്നും തൂത്ത് മാറ്റുന്ന 'അരാഷ്ട്രീയവത്ക്കരണത്തിന്റെ' പുതുപാഠങ്ങൾ തന്നെയാവും പ്രതിഷേധത്തെയും പ്രതിരോധത്തെയും ഉപരിപ്ലവമായ ചില ജല്പനങ്ങൾ കൊണ്ട് പരിഹസിക്കുവാൻ പലരെയും പ്രേരിപ്പിക്കുന്നത്. ഏറ്റവും ഹീനവും നിന്ദ്യവും അധമവും അവിഹിതവുമായ കോമ്പ്രമൈസുകൾക്കും അഡ്ജസ്റ്റ്മെന്റുകൾക്കും വേദിയാവുന്നത് നമ്മുടെ ജീവചരിത്രമാണെന്നത് വലിയ ദുർഭഗതയാണ്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട ആഗോളവത്കൃത സംസ്കാരത്തിൽ നഷ്ടപ്പെട്ടുപോയ 'അതിരുക'ളോടൊപ്പം നിരവധി 'തനിമകളും' കൈമോശം വന്നുവെന്ന് നാം മനസ്സിലാക്കിത്തുടങ്ങിയിട്ടേയുള്ളു. നമ്മുടെ അതിർത്തികൾ സംരക്ഷിക്കുന്നതിനാണ് നാം സമ്മേളിക്കുന്നത്. നമ്മുടെ ജനത്തിന്റെ ക്ഷമയു

ടെയും കരുണയുടെയും സഹോദരസ്നേഹത്തിന്റെയും അതിരുകൾ നഷ്ടപ്പെടാതിരിക്കുന്നതിനാണ് നാം സമ്മേളിക്കുന്നത്.

സമരം വ്യക്തിപരവും സാമൂഹികവുമായ തലങ്ങളിലുണ്ട്. ഒരു വ്യക്തിയുടെ ആത്മാവിന്റെ പുരോഗമനപരമായ പരിണാമഗതിയിലുണ്ടാകുന്ന നിദാന്തമായ ഒരു പോരാട്ടത്തെക്കുറിച്ച് നിരന്തരം പാഠമോതുന്നതാണ് മതജീവിതം. ആത്യന്തികമായ വിമോചനത്തിലേയ്ക്കുള്ള പാതയിൽ തിന്മയോടുള്ള നിത്യസമരമാണ് ആത്മീയ ജീവിതം എന്ന് പൗരസ്ത്യ തത്വം നമ്മെ ബോധിപ്പിക്കുന്നുണ്ട്. വ്യക്തിയുടെ ആത്മീയവും മാനസികവും ശാരീരകവുമായ തലങ്ങളുടെ സമഗ്രമായ സ്വത്വാവിഷ്ക്കാരത്തിലൂടെ മാത്രമേ സ്വാതന്ത്ര്യം പൂർണ്ണമായ അർത്ഥപരത കണ്ടെത്തുന്നുള്ളൂ.

അധിനിവേശത്തിൽ നിന്നും പ്രവാസത്തിൽ നിന്നും വിടുതൽ തേടി തങ്ങൾക്കൊരുമിച്ച് ജീവിക്കാനുള്ള ഇടത്തിലേയ്ക്കുള്ള പ്രയാണത്തിൽ അഥവാ കാനാനിലേയ്ക്കുള്ള യാത്രയിലുടനീളം ഒരു ജനത അനുഭവിക്കുന്ന അതിജീവനസമരങ്ങളുടെ സംഭവബഹുലമായ ചരിത്രം പഴയനിയമ പുസ്തകത്തിന്റെ വരികളിലൂടെത്തന്നെയാണ് നാം ഓർമ്മിച്ചെടുക്കുന്നത്. സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ഗമനത്തിങ്കൽ ആത്മീയവും മാനസികവും ശാരീരികവുമായ സംഘർഷങ്ങളുണ്ടാകാം. അവിടെ വ്യക്തിയുടെയും സമൂഹത്തിന്റെയും ആത്മ-ശരീരങ്ങൾ സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. ഇവിടെ മനുഷ്യശരീരങ്ങളും സ്ഥാപനങ്ങളും സംരക്ഷിക്കപ്പെടണം. തദ്ദേശ്ശീയരായ മനുഷ്യരുടെ വിയർപ്പുതുള്ളികൾ പണിതുയർത്തിയ കെട്ടിടങ്ങൾ കേവലം സ്ഥാവര സ്വത്തുക്കളല്ല. അവ ഒരു പ്രതീകമാണ്. നമ്മുടെ പിതാക്കന്മാരുടെ സ്മാരകവും നമ്മുടെ മക്കളുടെ ഊർജ്ജവുമാണ്. ഇത് ഒരു വിദേശിക്കും തീറെഴുതിക്കൊടുക്കാനുള്ളതല്ല.

ഇപ്പോൾ നാം ചിന്തിക്കുന്നത് ഒരു സമൂഹത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചാണ്. അത് വിശ്വാസികളുടെ സമൂഹമാണ് എന്ന പ്രാഥമിക വസ്തുതയെ മറച്ചുകൊണ്ടല്ല, എന്നാൽ, അധിനിവേശത്തെ ചെറുത്ത് നില്ക്കുന്ന ഒരു മനുഷ്യസമൂഹം കൂടിയാണ് മലങ്കരസഭ എന്ന ഉറച്ച ബോധ്യത്തിൽ നിന്നുകൊണ്ട് തന്നെയാണ്.

പൊരുതി നേടിയ സ്വാതന്ത്ര്യത്തെ ചില വായ്പാ പദ്ധതികൾക്കും കുതിരക്കാരനെന്ന സ്ഥാനപ്പെരുമയ്ക്കും മാലകൾക്കും വേണ്ടി പണയം വയ്ക്കുന്നതിന് മാനവികതയുടെ സംഘം ചേർന്നുള്ള എല്ലാ വ്യവസ്ഥിതികളും പരസ്പരം മത്സരിക്കുന്നു. ജനപിന്തുണയ്ക്ക് പകരം പണപിന്തുണ തേടുന്നതിൽ കക്ഷിഭേദവും മതഭേദവുമില്ല. പാരമ്പര്യവും സാംസ്ക്കാരികദേശീയതയുമൊക്കെ പുരാവസ്തുക്കളായിരിക്കുന്നു.

തറവാട് വിറ്റ് ക്ലബിലിരുന്ന് തിന്നുകൊണ്ട് കണ്ണീർ പൊഴിക്കുന്ന 'മാന്യമാർക്ക്' മനസ്സിലാവില്ല ഇത് എന്തിനുവേണ്ടിയുള്ള സമരമാണെന്ന്. ഇത് കെട്ടിടങ്ങൾക്ക് വേണ്ടിയുള്ള സമരമല്ല. അവകാശപ്പെട്ട സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനുള്ള വിപ്ലവാത്മകമായ ചലനമാണ്. നാണം കെട്ട ഒത്തു തീർപ്പുകൾകൊണ്ട് പൂരിപ്പിക്കാനുള്ളതല്ല ജീവിതം എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അവിശുദ്ധവും അവിഹിതവുമായ കൂട്ടുകെട്ടുകൾക്കെതിരെ സന്ധിയില്ലാ സമരത്തിലേർപ്പെടുകയാണ് ജീവനകലയെന്ന് പഠിപ്പിക്കുന്ന കുരിശിനെ നോക്കിക്കൊണ്ട് ഉറച്ച ബോധ്യത്തോടെ ഓരോ ചുവടും മുമ്പോട്ട് തന്നെയാണ് നാം വയ്ക്കുന്നത്. **സ്വാതന്ത്ര്യം നമുക്ക് സാധ്യമാണ്!**

***ഗുണപാഠം 1***

രണ്ടാം ലോകമഹായുദ്ധകാലം ജർമ്മൻ പട്ടാളക്കാർക്കിടയിൽ ഇംഗ്ലീഷുകാർ നുഴഞ്ഞ് കയറി. ജർമ്മൻ ഉച്ചാരണവും നടപ്പും എല്ലാം പഠിച്ച് ആൾമാറാട്ടം നടത്തി. ചില ജർമ്മൻ പട്ടാളക്കാർക്ക് ചിലരെക്കുറിച്ച് സംശയം തോന്നി. വെറുതെ സംശയം പ്രകടിപ്പിച്ച് തെറ്റുപറ്റിയാൽ ഹിറ്റ്ലർ കൊന്നുകളയും! ഫീൽഡ് മാർഷലിനോട് പരാതിപ്പെട്ടു. അദ്ദേഹം പറഞ്ഞു:-

"നിങ്ങൾക്കാരെയെങ്കിലും സംശയമുണ്ടെങ്കിൽ പരേഡ് നടക്കുമ്പോൾ അറിയാതെ അവന്റെ

ബൂട്ടിൽ ഒന്ന് ചവിട്ടുക. അവൻ നിലവിളിക്കുന്നത് സ്വന്തം ഭാഷയിലും accent ലും ആയിരിക്കും.

**പാഠം:-** സത്യം പറഞ്ഞാൽ കിട്ടേണ്ടത് കിട്ടിയാൽ 'അമ്മേ' എന്ന് തന്നെയാവും നാം നിലവിളിക്കുക. 'അന്ത്യോഖ്യാ'യെന്നാവില്ല! തീർച്ച!

### ഗുണപാഠം 2

പത്രോച്ചൻ: വലിയ സ്വാതന്ത്ര്യബോധം പറയുന്നുണ്ടല്ലോ. പിന്നെയെന്തിനാ വേഷവും ഭാഷയുമൊക്കെ ഞങ്ങളുടേത് ഉപയോഗിക്കുന്നത്?

തോമാച്ചൻ: ഇംഗ്ലീഷ് ഭാഷയും ഇൻഡ്യൻ റെയിൽവേയും 1947-ന് ശേഷവും ഉപയോഗിക്കുന്നുണ്ട് നമ്മുടെ നാട്ടുകാർ. എന്നാൽ എലിസബേത്ത് രാജ്ഞിതന്നെ ഞങ്ങളെ ഭരിക്കണമെന്ന് സുബോധമുള്ള ഒരിന്ത്യാക്കാരനും പറയില്ല.

### ഗുണപാഠം 3

പാത്രിയർക്കീസ് ഇൻഡ്യയിൽ വന്നപ്പോഴാണ് ചന്ദ്രയാൻ 1 വിക്ഷേപിക്കപ്പെട്ടത്. അതുകൊണ്ട് ചിലപ്പോൾ പാവം 'സത്യവിശ്വാസി'യെക്കൊണ്ട് ഇങ്ങനെ പില്ക്കാലത്ത് പറയിക്കാനിടയുണ്ട്:-

"അന്ത്യോക്യായും ചന്ദ്രനുമായി അതിപുരാതന കാലം മുതല്ക്കേ ബന്ധമുണ്ടായിരുന്നുവെന്ന്."